**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5032** — **06/02/2014 ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം ആറ് മാസത്തിലേറെയായി വിതരണം നടത്താത്തതിനിടയായ സാഹചര്യം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2013 ജൂലൈ മാസം മുതൽ അനുവദിച്ച ധനസഹായം ഇടുക്കി ജില്ലയിൽ വിതരണം നടത്തിയിട്ടില്ലാത്തതും അർഹതപ്പെട്ട ധനസഹായം ലഭിക്കാത്തതിനാൽ പാവപ്പെട്ട രോഗികൾക്ക് യഥാസമയം തുടർചികിത്സ തേടുന്നതിന് കഴിയാത്തതുമായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷിക്കുന്നവർക്ക് അതേ ദിവസം തന്നെ ധനസഹായം വിതരണം നടത്തുമ്പോൾ അർഹതപ്പെട്ടതും ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചതുമായ ധനസഹായം ആറ് മാസത്തിലേറെയായി വിതരണം നടത്താത്തതിനിടയായ സാഹചര്യം വിശദീകരിക്കാമോ ? | (എ)<br>&<br>(ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ